ഓർഫനേജ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ്

252 (1677) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് പ്രകാരം രജിസ്ട്രേഷനുള്ള എത്ര അനാഥാലയങ്ങൾ ഉണ്ട് ;

(ബി) ഈ സർക്കാർ ഈ അനാഥാലയങ്ങൾക്ക് ഓരോ വർഷവും എത്ര തുക വീതം ഗ്രാന്റ് നല്കിയെന്നും ആകെ എത്ര തുക നല്കിയെന്നും വ്യക്തമാക്കാമോ ;

(സി) ഗ്രാന്റ് വിതരണത്തിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ ഇവ എന്നത്തേക്ക് നൽകാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

(എ) 1176 അനാഥാലയങ്ങൾ, 30 ഫൗണ്ട് ലിംഗ് ഹോമുകൾ, 38 ഹോം ഫോർ വുമൺ, 532 വൃദ്ധസദനങ്ങൾ, 201 വികലാംഗക്ഷേമ കേന്ദ്രങ്ങൾ, 10 ബെഗ്ഗർ ഹോമുകൾ ഇവ നിലവിലുണ്ട്.

(ബി) 2011 -12 മുതൽ താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട് :

2011-12	-	7,09,59,203 രൂപ
2012-13	-	8,58,47,282 രൂപ
2013-14	-	14,76,35,000 രൂപ
2014-15	-	16,23,09,000 രൂപ
ആകെ	-	46,67,50,485 രൂപ

(സി) ഉണ്ട്. 2013-14 സാമ്പത്തിക വർഷം 18,65,59,183 രൂപ കുടിശ്ശികയുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

ക്ഷേമ പെൻഷനുകൾ

253 (1678) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ ഓരോന്നും എത്ര മാസത്തെ വീതം കുടിശ്ശിക ആയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നതിന് വീഴ്ച വരുന്നതിനിടയായ സാഹചര്യം വിശദീകരിക്കുമോ ;

(സി) 2015 മാർച്ച് മാസം വരെയുള്ള ക്ഷേമ പെൻഷനുകൾ അടിയന്തരമായി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാകളക്ടർമാരിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) ക്ഷേമ പെൻഷൻ വിതരണത്തിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. സാമൂഹ്യക്ഷേമ പെൻഷൻ അർഹതയുള്ള കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും സാമൂഹ്യക്ഷേമ പെൻഷൻ ഉക വർദ്ധിപ്പിച്ചതും ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുകയും ഇക്കാരണത്താൽ പെൻഷൻ വിതരണത്തിന് കൂടുതൽ ഫണ്ട് ആവശ്യമായി വരികയും ചെയ്ത സാഹചര്യത്തിൽ പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തുന്നതാണ്.

ക്ഷേമപെൻഷനുകൾ ഓൺലൈനായി നൽകുന്നത്

254 (1679) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു കീഴിലേക്ക് സ്ഥലം മാറുമ്പോൾ പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പുതിയതായി അപേക്ഷ നൽകേണ്ടതുണ്ടോ ;

(ബി) ഇപ്രകാരം പുതിയതായി അപേക്ഷ നൽകുന്നതിനു പകരം ഇവരുടെ പെൻഷനുകൾ ഓൺലൈനായി പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവർ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിലേക്ക് സ്ഥലം മാറുമ്പോൾ പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പുതിയതായി അപേക്ഷ നൽകേണ്ടതാണ്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly